# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2056    22.01.2014-ൽ മറുപടിയ്ക്ക്

### <u>സംസ്ഥാന പോലീസ് മേധാവിക്കെതിരായ ഹൈക്കോടതി പരാമർശം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. സി. കൃഷ്ണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) ബഹു. ഹൈക്കോടതി തനിക്കെതിരെ നടത്തിയ പരാമർശങ്ങൾ നീക്കിക്കിട്ടാൻ സംസ്ഥാന പോലീസ് മേധാവി ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) ബഹു. ഹൈക്കോടതി ഇത്തരത്തിലൊരു പരാമർശം നടത്തിയതായി രേഖകളിൽ കാണുന്നില്ല. എന്നിരുന്നാലും ടി കത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന ശ്രീ. സലീം രാജിനെതിരെ ഉയർന്ന പരാതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി ടിയാനെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുന്നതടക്കമുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സർക്കാർ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നല്കിയിരുന്നു. |
| ബി) മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന ശ്രീ. സലീം രാജിനെതിരെ ഡി.ജി.പി. ഏതെല്ലാം കേസുകളിൽ എന്തെല്ലാം ശുപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ടായിരുന്നു ; ശുപാർശ ചെയ്ത ഏതെങ്കിലും നടപടി സർക്കാർ തടയുകയുണ്ടായോ ; | (ബി) ശ്രീ. സലീം രാജിനെതിരെ കടകംപള്ളിയിലെയും തൃക്കാക്കരയിലെയും ഭൂമി ഇടപാടുമായി ബന്ധപ്പെട്ട പരാതിയിന്മേൽ സംസ്ഥാന പോലീസ് മേധാവി വിജിലൻസ് അന്വേഷണം ശുപാർശ ചെയ്തിരുന്നു. പ്രസ്തുത കേസുകൾ അന്വേഷണത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറിയിട്ടുണ്ട്. |
| സി) കോൺസ്റ്റബിളായ സലീംരാജിനെ പോലീസ് മേധാവിക്ക് ഭയമാണോയെന്നും ഇയാൾക്കെതിരെ പരാതി കിട്ടിയിട്ടും നടപടി എടുക്കാത്തതെന്താണെന്നും ഹൈക്കോടതി ചോദിക്കാനിടയായ സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കാമോ;<br><br>ഡി) പ്രസ്തുത പരാമർശം മാറ്റിക്കിട്ടാൻ പോലീസ് മേധാവിയുടെ ആവശ്യാർത്ഥം കേരള സർക്കാർ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) & (ഡി)<br><br>ബഹുമാനപ്പെട്ട ഹൈക്കോടതി ഇത്തരത്തിലൊരു പരാമർശം നടത്തിയതായി രേഖകളിൽ കാണുന്നില്ല. ഇതു സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവി ശ്രീ. സലീം രാജിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ ഉൾപ്പെടെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സർക്കാർ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നല്കിയിരുന്നു. സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ